**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *384 — **16.03.2017**-ൽ മറുപടിക്ക്

**<u>പട്ടികജാതിക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് നടപടി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>ശ്രീ.വി.പി.സജീന്ദ്രൻ** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ<br>പിന്നോക്കസമുദായ ക്ഷേമവും നിയമവും<br>സാംസ്കാരികവും<br>പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതിക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) | പട്ടികജാതിക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിനായി ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3,00,000/- രൂപയും ദുർബല വിഭാഗ ഭവന പുനരധിവാസ പദ്ധതി പ്രകാരം 3,50,000/- രൂപയും ധനസഹായമായി അനുവദിക്കുന്നു. ഈ സർക്കാർ അധികാരമേറ്റ ശേഷം ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 15000 വീടുകളും, ദുർബല വിഭാഗ ഭവന പുനരധിവാസ പദ്ധതി പ്രകാരം 236 വീടുകളും നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചു. **കൂടാതെ 2007-08 മുതൽ 2015-16 വർഷം** വരെ ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം അനുവദിച്ച വീടുകളിൽ പൂർത്തിയാകാതെ അവശേഷിച്ച 16,363 വീടുകളിൽ 4295 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. ദുർബല വിഭാഗ ഭവന പുനരധിവാസ പദ്ധതി പ്രകാരം 2008-09 മുതൽ 2015-16 വർഷം വരെ അനുവദിച്ച വീടുകളിൽ പൂർത്തിയാകാതെ അവശേഷിച്ച 762 വീടുകളുടെ പൂർത്തീകരണത്തിനും |

| | | | |
|---|---|---|---|
| | | | നടപടി സ്വീകരിച്ചിട്ടുണ്ട്. 2007-08 മുതൽ 2012-13 വർഷം വരെ ധനസഹായം അനുവദിച്ച വീടുകളിൽ പൂർത്തിയാകാത്തവയ്ക്ക് പഴയ നിരക്കിൽ ഒടുവിൽ വാങ്ങിയ ധനസഹായത്തുക 2,00,000/- രൂപയ്ക്ക് ആനുപാതികമായ നിരക്കിൽ അധികധനസഹായമായി അനുവദിച്ച് പണി പൂർത്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പട്ടികജാതിക്കാരുടെ വാസയോഗ്യമല്ലാത്ത വീടുകൾ നന്നാക്കുന്നതിന് എന്തെല്ലാം ധനസഹായങ്ങളാണ് നൽകിയതെന്ന് വ്യക്തമാക്കുമോ? | (ബി) | പട്ടികജാതിക്കാരുടെ 5 വർഷം മുതൽ 25 വർഷം വരെ പഴക്കം ചെന്ന വീടുകളുടെ നവീകരണത്തിനായി ഭവനപുനരുദ്ധാരണം/അഡീഷണൽ റൂം ധനസഹായ പദ്ധതി പ്രകാരം 50,000/- രൂപ ധനസഹായമായി അനുവദിച്ച് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ